# പതിനൊന്നാം കേരള നിയമസഭ
## ആറാം സമ്മേളനം
## 2003 ആഗസ്റ്റ് 7-ാം തീയതി വ്യാഴാഴ്ച

വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -16)


868)എല്ലാ പട്ടണങ്ങളിലും പൂർണ്ണരൂപത്തിലുള്ള ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്താൻ നടപടി
869)വൈദ്യുത പദ്ധതികളുടെ രൂപരേഖ തയ്യാറാക്കൽ
870)മറ്റു സംസ്ഥാനങ്ങളുമായി തർക്കമുള്ള ജലവൈദ്യുത പദ്ധതികൾ
871)കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദനം
872)പമ്പ, അച്ചൻകോവിൽ നദികളിലെ ജലത്തെക്കുറിച്ച് പഠനം
873)തോടുകളുടെ സംരക്ഷണത്തിന് നടപടി
874)ശുദ്ധ ജലവിതരണത്തിനുള്ള കേന്ദ്ര പദ്ധതികൾ നേടിയെടുക്കുന്നതിലുള്ള വീഴ്ച.
875)കുടിവെള്ളത്തിനും കാർഷികാവശ്യത്തിനുമുള്ള വെള്ളത്തിനും ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന സെസ്സിന്റെ മാനദണ്ഡം
876)കടൽ വെള്ളം ശുദ്ധീകരിച്ച് കുടിവെള്ളമാക്കി വിതരണം നടത്തുന്ന പദ്ധതി
877)മത്സ്യ കയറ്റുമതിക്കാതരുടെ ക്ഷേമനിധി വിഹിതം സംബന്ധിച്ചുായ സുപ്രീംകോടതി വിധി
878)ജലസേചന പദ്ധതികൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക വകമാറ്റി ചെലവഴിച്ച നടപടി
863)ഭവാനി നദീജലം ഉപയോഗിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനെതിരെ നടപടി
864)ചെറുകിട കച്ചവടക്കാരിൽ നിന്നും ഈടാക്കിയ പിഴ
865)ലോകായുക്തയുടെ പ്രവർത്തനങ്ങൾ ഫലപ്രദമാക്കാൻ നടപടി
866)കേന്ദ്ര സർക്കാരുമായി മുഖ്യമന്ത്രി നടത്തിയ ഔദ്യോഗിക ചർച്ചകൾ
867)ഗവണ്മെന്റ് മെഡിക്കൽകോളേജ് ആശുപത്രികളിലെ ന്യൂക്ലിയർ മെഡിസിൻ ഡിപ്പാർട്ടമെന്റിൽ നടത്തുന്ന പാരാ മെഡിക്കൽ ടെസ്റ്റുകൾ


### എല്ലാ പട്ടണങ്ങളിലും പൂർണ്ണരൂപത്തിലുള്ള ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്താൻ നടപടി

*868. ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം പട്ടണങ്ങളിലാണ് പൂർണ്ണ രൂപത്തിലുള്ള ഡ്രെയിനേജ് സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ ;

(ബി) എല്ലാ പട്ടണങ്ങളിലും പൂർണ്ണരൂപത്തിലുള്ള ഡ്രെയിനേജ് സംവിധാനം നടപ്പിലാക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

(സി) ഇതിനുവേണ്ടി പുതുതായി എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും ഇവ എന്നത്തേക്ക് പൂർത്തീകരിക്കാനാണ് പ്രതീക്ഷിക്കുന്നതെന്നും അറിയിക്കാമോ ?

**ഉത്തരം**
**ശ്രീ. ടി.എം. ജേക്കബ് (ജലവിഭവ വകുപ്പുമന്ത്രി):**

(എ) സംസ്ഥാനത്ത് ഒരു പട്ടണത്തിലും പൂർണ്ണരൂപത്തിലുള്ള ഡ്രെയിനേജ് സൗകര്യം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ ജലവിഭവ വകുപ്പിന്റെ മേൽനോട്ടത്തിൽ തിരുവനന്തപുരം ജില്ലയിലും (നഗരപ്രദേശത്ത് ) എറണാകുളം ജില്ലയിലും (കൊച്ചി നഗരപ്രദേശത്ത്) ഭാഗികമായി ഡ്രെയ്നേജ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) എല്ലാ പട്ടണങ്ങളിലും പൂർണ്ണ രൂപത്തിലുള്ള ഡ്രെയിനേജ് സംവിധാനം നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ കോഴിക്കോട് മെഡിക്കൽകോളേജിലും എറണാകുളം ജില്ലയിൽ കൊച്ചി കോർപ്പറേഷൻ, മട്ടാഞ്ചേരി, പള്ളുരുത്തി, എറണാകുളം എന്നീ പ്രദേശങ്ങളിലും തിരുവനന്തപുരം ജില്ലയിലെ 'ഇ' ബ്ലോക്ക് പ്രദേശത്തും സ്വീവറേജ് സൗകര്യം ഏർപ്പെടുത്താൻ ഉദ്ദേശമുണ്ട്.

(സി) കോഴിക്കോട് മെഡിക്കൽ കോളേജിനും, എറണാകുളം ജില്ലയിൽ കൊച്ചി കോർപ്പറേഷൻ, മട്ടാഞ്ചേരി, പള്ളുരുത്തി, എറണാകുളം എന്നീ പ്രദേശങ്ങളിലേയ്ക്കും തിരുവനന്തപുരം ജില്ലയിലെ 'ഇ' ബ്ലോക്ക് പ്രദേശത്തേയ്ക്കും സ്വിവറേജ് സൗകര്യം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു. ഇതിനാവശ്യമായ ഫണ്ട് മിഡിൽ ഈസ്റ്റ് ഫണ്ടിംഗ് ഏജൻസിയിൽ നിന്നും സ്വരൂപിക്കുവാൻ ശ്രമിക്കുന്നുണ്ട്. പദ്ധതികൾക്കാവശ്യമായ ഫണ്ട് ലഭ്യമായതിനുശേഷമേ പദ്ധതികൾ പൂർത്തിയാകുന്ന തീയതി നിശ്ചയിക്കാൻ കഴിയൂ.

## വൈദ്യുത പദ്ധതികളുടെ രൂപരേഖ തയ്യാറാക്കൽ

*869. ശ്രീ. കെ. അച്ചുതൻ :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. ടി.എൻ. പ്രതാപൻ :
ശ്രീ. എ.പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം വൈദ്യുതപദ്ധതികളുടെ രൂപരേഖ തയ്യാറാക്കുന്ന ജോലികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ടോ ;

(സി) രൂപരേഖ തയ്യാറാക്കുന്ന ജോലി എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവയ്ക്ക് ആവശ്യമായ അനുമതി ലഭിക്കാൻ എത്ര സമയമെടുക്കും എന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഇവയുടെ പണി എന്നാരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

**ഉത്തരം**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പുമന്ത്രി) :**

(എ) പാത്രക്കടവ്, പാംപാർ, പൂയംകുട്ടി, ചെളിക്കല്ലൂർ, വക്കലാർ, ചിന്നാർ, ചെങ്കുളം ടെയിൽറേസ്, ഇറ്റിയാനി, കാരാപ്പുഴ, ചീമേനി, പീച്ചി എന്നീ പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന ജോലികൽ പുരോഗമിച്ചു വരുന്നു.

(ബി) ഉണ്ട്.

(സി) 2003 ഡിസംബർ മാസത്തോടുകൂടി പൂർത്തിയാക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) ഇതിലേക്ക് പരിസ്ഥിതി ആഘാത പഠനവും പബ്ലിക് ഹിയറിംഗും നടത്തേണ്ടതുണ്ട്. അതിനുശേഷം കേന്ദ്ര സർക്കാരിന്റെ വനം, പരിസ്ഥിതി വകുപ്പുകളുടെ അനുമതിയും ലഭിക്കേണ്ടതുള്ളതുകൊണ്ട് ഇവയ്ക്ക് എത്ര സമയമെടുക്കുമെന്ന് ഇപ്പോൾ പറയാൻ നിർവ്വാഹമില്ല.

(ഇ) കേന്ദ്ര വനം പരിസ്ഥിതി വകുപ്പിൽ നിന്നും അനുമതി ലഭിച്ചതിനുശേഷം ടെണ്ടർ ക്ഷണിച്ച് അതിന്മേൽ തീർപ്പാക്കിയ ശേഷമേ പണി ആരംഭിക്കുവാൻ സാധിക്കുകയുള്ളു.

## മറ്റു സംസ്ഥാനങ്ങളുമായി തർക്കമുള്ള ജലവൈദ്യുത പദ്ധതികൾ

*870. ശ്രീ. വി. ബാലറാം :
ശ്രീ. ടി.വി. ചന്ദ്രമോഹൻ :
ശ്രീമതി മേഴ്സി രവി :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ജലവൈദ്യുത പദ്ധതികളുടെ കാര്യത്തിലാണ് മറ്റ് സംസ്ഥാനങ്ങളുമായി തർക്കം നിലനിൽക്കുന്നത് ;

(ബി) എന്തെല്ലാം കാര്യങ്ങൾ സംബന്ധിച്ചാണ് തർക്കം ഉണ്ടായിട്ടുള്ളത് ;

(സി) ഈ പദ്ധതികളുടെ രൂപരേഖ തയ്യാറാക്കുകയും ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ടോ ;

(ഡി) ഇവയുടെ പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര അംഗീകാരത്തിന് അയച്ചുവോ എന്ന് വ്യക്തമാക്കാമോ ?

**ഉത്തരം**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പുമന്ത്രി) :**

(എ) താഴെപ്പറയുന്ന ജലവൈദ്യുത പദ്ധതികളുടെ കാര്യത്തിലാണ് മറ്റു സംസ്ഥാനങ്ങളുമായി തർക്കം നിലനിൽക്കുന്നത്.

1. മാനന്തവാടി വിവിധോദ്ദേശ പദ്ധതി
2. കേരള ഭവാനി വിവിധോദ്ദേശ പദ്ധതി
3. പംപാർ ജലവൈദ്യുത പദ്ധതി
4. കേരള പാണ്ടിയാർ പുന്നപ്പുഴ ജലവൈദ്യുത പദ്ധതി
5. ചോലാത്തിപ്പുഴ ജലവൈദ്യുത പദ്ധതി
6. പറമ്പിക്കുളം-അളിയാർ-ഷോളയാർ പദ്ധതി.

(ബി) അന്തർ സംസ്ഥാന നദീജലം പങ്കിടുന്ന കാര്യത്തെ സംബന്ധിച്ചാണ് തർക്കം നിലനിൽക്കുന്നത്.

(സി) മുകളിൽ പരാമർശിച്ച ആദ്യത്തെ അഞ്ച് പദ്ധതികളിൽ, ചോലാത്തിപ്പുഴ പദ്ധതി ഒഴികെ ബാക്കി നാല് പദ്ധതികളുടേയും ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പറമ്പിക്കുളം-അളിയാർ-ഷോളയാർ കമ്മിഷൻ ചെയ്ത പദ്ധതിയാണ്.

(ഡി) ആദ്യത്തെ നാല് പദ്ധതികളുടെ പ്രോജക്ട് റിപ്പോർട്ട് കേന്ദ്രാനുമതിക്കായി സമർപ്പിച്ചിരുന്നു. എന്നാൽ, അന്തർസംസ്ഥാന നദീജലം സംബന്ധിച്ച തർക്കം പരിഹരിച്ചിട്ടില്ലാത്തതിനാൽ, കേന്ദ്രസർക്കാർ ഈ പദ്ധതികൾക്ക് അനുമതി നൽകിയിട്ടില്ല.

## കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദനം

*871. ശ്രീ. എൻ.ഡി. അപ്പച്ചൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എ.കെ. മണി :
ശ്രീ. പി.ജെ. ജോയി :
ശ്രീ. പി.ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന കേന്ദ്രങ്ങൾ ഇപ്പോൾ നിലവിലുണ്ടോ ; എങ്കിൽ എവിടെയെല്ലാം ;

(ബി) കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ കഴിയുന്ന എത്ര സ്ഥലങ്ങൾ കേരളത്തിൽ കണ്ടെത്തിയിട്ടുണ്ട് ;

(സി) ഈ സ്ഥലങ്ങളിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ ഇതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചു ;

(ഡി) ഈ സ്ഥലങ്ങളിൽ നിന്ന് ഒട്ടാകെ എത്ര വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ കഴിയും ;

(ഇ) കാറ്റിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നത് നഷ്ടമാണോ ;

(എഫ്) കാറ്റിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്ന ഒരു യൂണിറ്റ് വൈദ്യുതിയ്ക്ക് എന്തു ചെലവു വരും ?

**ഉത്തരം**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പുമന്ത്രി)** :

(എ) ഉണ്ട്. പാലക്കാട് ജില്ലയിൽ കഞ്ചിക്കോട്.

(ബി) 16 സ്ഥലങ്ങൾ. അനർട്ട് കണ്ടെത്തിയിട്ടുണ്ട്.

(സി) ഇടുക്കി ജില്ലയിൽ രാമക്കൽമേടിനടുത്ത് കുരുവിക്കാനം എന്ന സ്ഥലത്ത് ഒരു ഡെമോൺസ്ട്രേഷൻ പ്ലാന്റ് സ്ഥാപിക്കാൻ കേന്ദ്രസർക്കാർ തത്വത്തിൽ അംഗീകാരം നൽകിക്കഴിഞ്ഞു. മറ്റ് സ്ഥലങ്ങളിൽ സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതി നടപ്പാക്കുന്ന കാര്യം അനർട്ട് പരിശോധിച്ചുവരികയാണ്.

(ഡി) 605 മെഗാ വാട്ട്.

(ഇ)&(എഫ്) ഇത്തരം വൈദ്യുത പദ്ധതികൾക്ക് ആരംഭത്തിലുള്ള മുതൽമുടക്ക് അതായത്, ഭൂമിയുടെ വില, ജനറേറ്റർ, ടവർ, ബ്ലേഡ് എന്നിവയുടെ ഫിക്സഡ് കോസ്റ്റ് ഇനത്തിൽ 1 മെഗാവാട്ടിന് ഏതാണ്ട് 4.5 കോടി രൂപ വരെ വേണ്ടിവരും എന്നാണ് അനർട്ട് കണക്കാക്കിയിട്ടുള്ളത്. തുടർന്ന് നടത്തുവാൻ ഇന്ധനച്ചെലവ് ആവശ്യമില്ല. വൈദ്യുതിബോർഡിന്റെ പാലക്കാട്ടെ കഞ്ചിക്കോട്ടുള്ള നിലയത്തിൽ ഉൽപ്പാദിപ്പിച്ച വൈദ്യുതിക്ക് 2002-03-ൽ യൂണിറ്റൊന്നിന് 4 രൂപ 66 പൈസയാണ് ചെലവ്.

## പമ്പ, അച്ചൻകോവിൽ നദികളിലെ ജലത്തെക്കുറിച്ച് പഠനം

*872. ശ്രീ. രാജു എബ്രഹാം :
ശ്രീ. ടി.കെ. ദേവകുമാർ :
ശ്രീ. കെ.കെ. ജയചന്ദ്രൻ :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പ-അച്ചൻകോവിൽ നദികളിൽ നിന്നും തമിഴ്നാട്ടിലേക്ക് ജലം തിരിച്ചുവിടാനുള്ള ദേശീയ ജലവികസന ഏജൻസിയുടെ നീക്കം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ നീക്കം തടയുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) മേക്കരയിൽ ഡാം നിർമ്മിച്ച് പമ്പ-അച്ചൻകോവിൽ നദികളിലെ ജലം തമിഴ്നാട്ടിലേക്ക് കടത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച് ഏതെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) ദേശീയ ജലവികസന ഏജൻസിയും കേരളവും ചേർന്ന് പമ്പ-അച്ചൻകോവിൽ നദികളിലെ ജലത്തെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(എഫ്) എങ്കിൽ പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ ഈ നദികളിൽ മിച്ചം ജലം ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ ; എന്നാണ് പ്രസ്തുത പഠനം നടന്നതെന്ന് വെളിപ്പെടുത്തുമോ ; പഠനറിപ്പോർട്ടിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ ;

(ജി) പ്രസ്തുത നദികളിലെ ജലത്തെക്കുറിച്ച് പുതിയ പഠനം നടത്തണമെന്ന് സംസ്ഥാന സർക്കാരിന്റെ ആവശ്യത്തോട് കേന്ദ്രസർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ;

(എച്ച്) ഇതു സംബന്ധിച്ച് കേന്ദ്രസർക്കാർ എന്തെങ്കിലും വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് എന്നാണെന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. ടി.എം. ജേക്കബ് (ജലവിഭവ വകുപ്പുമന്ത്രി) :**

(എ) ഉണ്ട്.

(ബി) ഉണ്ട്.

,(സി) ഡാം നിർമ്മിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ പമ്പ, അച്ചൻകോവിൽ നദികളിലെ ജലം ഇപ്പോൾ കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉണ്ട്. സർക്കാർ നിർദ്ദേശമനുസരിച്ച് ചീഫ് എഞ്ചിനീയറും മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥരും 12-7-2001-ൽ പ്രസ്തുത സ്ഥലം സന്ദർശിക്കുകയും സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 21-6-2003-ൽ ചീഫ് എഞ്ചിനീയർ ഉൾപ്പെട്ട ടാസ്ക്ഫോഴ്സ് ഡാമും പരിസരവും സന്ദർശിക്കുകയും കേരളത്തിൽ നിന്നും മേക്കര ഡാമിലേക്ക് ജലം ഇപ്പോൾ കൊണ്ടുപോകുന്നില്ല എന്ന് ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) ദേശീയ ജല വികസന ഏജൻസിയുടേയും കേരള സർക്കാരിന്റേയും പ്രതിനിധികൾ പ്രസ്തുത നദികളിലെ ജലലഭ്യതയെക്കുറിച്ച് ഒരു സംയുക്ത പഠനം നടത്താൻ കേന്ദ്രഗവൺമെന്റ് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇങ്ങനെയൊരു പഠനം നടത്താൻ കേരളം ഉദ്ദേശിക്കുന്നില്ല.

(എച്ച്) ഇല്ല.

## തോടുകളുടെ സംരക്ഷണത്തിന് നടപടി

873. ശ്രീ. ഷിബു ബേബി ജോൺ
ശ്രീ ജോണി നെല്ലൂർ
ശ്രീ ഉമേഷ് ചള്ളിയിൽ
ശ്രീ എ.എൻ. രാജൻ ബാബു
ശ്രീ കെ. കെ. ഷാജു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പരമ്പരാഗത ജലനിർഗ്ഗമ-ഗതാഗത മാർഗ്ഗങ്ങളായ തോടുകളുടെ സംരക്ഷണത്തിന് സർക്കാർ കൈക്കൊണ്ടിരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) കൈയേറ്റവും മണ്ണിടിച്ചിലും മൂലം തോടുകൾ നശിച്ചുപോകുന്നതു പരിഗണിച്ച് ഇവയെ സംരക്ഷിക്കാൻ പ്രത്യേക നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) നഗരങ്ങളിലും നാട്ടിൻപുറങ്ങളിലും ചെറുതോടുകൾ നികത്തപ്പെടുന്നതു തടയാൻ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. ടി.എം. ജേക്കബ് (ജലവിഭവ വകുപ്പുമന്ത്രി)**

(എ) പരമ്പരാഗത ജലനിർഗ്ഗമ-ഗതാഗത മാർഗ്ങ്ങളായ തോടുകളുടെ സഹായത്തോടുകൂടിയ പദ്ധതികൾ, വെള്ളപ്പൊക്കകെടുതികളുടെ നിവാരണം, പദ്ധതി സംരക്ഷണം, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ, തോടുകളുടെ ആഴം കൂട്ടൽ, പാർശ്വഭിത്തി നിർമ്മാണം, ക്രോസ്ബാർ നിർമ്മാണം തുടങ്ങിയ പ്രവൃത്തികളാണ് നടന്നുവരുന്നത്. കൂടാതെ ജലനിർഗ്ഗമ-ഗതാഗത മാർഗ്ഗങ്ങളായ നീലേശ്വരംമുതൽ പയ്യന്നൂർ വരെയുള്ള ഭാഗങ്ങളുടെ സംരക്ഷണം, ആഴംകൂട്ടൽ, ബോട്ടുജെട്ടികളുടെ അറ്റകുറ്റപ്പണികൾ എന്നിവയ്ക്കാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഈ ജലഗതാഗത മാർഗ്ഗത്തിലുള്ള ഫീഡർ കനാലുകളുടെ വികസനത്തിനാനുള്ള പദ്ധതികൾ കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം ആവിഷ്ക്കരിച്ചുവരുന്നു.

(ബി) പരിശോധിക്കുന്നതാണ്.

(സി) നഗരങ്ങളിലും നാട്ടിൻപുറങ്ങളിലും ചെറുതോടുകൾ നികത്തപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അതു തടയുന്നതിന് വേണ്ടി നടപടികൾ സ്വീകരിക്കാറുണ്ട്.

## ശുദ്ധ ജലവിതരണത്തിനുള്ള കേന്ദ്ര പദ്ധതികൾ നേടിയെടുക്കുന്നതിലുള്ള വീഴ്ച.

874.ശ്രീ. മഞ്ഞളാംകുഴി അലി
ശ്രീമതി ഗിരിജാ സുരേന്ദ്രൻ
ശ്രീ. കെ.പി. സതീശ്ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ശുദ്ധജല വിതരണത്തിനുള്ള കേന്ദ്ര പദ്ധതികൾ പലതും പേയോജനപ്പെടുത്തുന്നതിൽ കേരളം അനാസ്ഥ കാണിക്കുന്നതായി ബന്ധപ്പെട്ട കേന്ദ്ര മന്ത്രിമാർ ആരോപിച്ചിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം കെന്ദ്രാവിഷ്കൃത പദ്ധതികൾ നേടിയെടുക്കുന്നതിലാണ് വീഴ്ച സംഭവിച്ചിട്ടുള്ളതെന്ന് സർക്കാർ പരിശോധിച്ചിട്ടുണടേമാ; എങ്കില അത് സംബന്ധിച്ച് വിശദമാക്കുമോ;

(സി) പദ്ധതികൾക്ക് കേന്ദ്രം അനുവദിച്ച തുക നിശ്ചിത സമയത്തിനകം ചെലവഴിച്ച് തീർത്തിട്ടുണ്ടോ;

(ഡി) അനുവദിച്ച തുക യഥാസമയം ചെലവഴിച്ചിട്ടുണ്ടെങ്കിൽ അത് മറ്റ് സംസ്ഥാനങ്ങൾക്ക് മാറ്റിക്കൊടുക്കുവാൻ കേന്ദ്രം തീരുമാനിച്ചിട്ടുള്ളതായി അറിയാമോ?

**ഉത്തരം**
**ശ്രീ. ടി.എം. ജേക്കബ് (ജലവിഭവ വകുപ്പുമന്ത്രി)**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾ നേടിയെടുക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇല്ല

(ഡി) അനുവദിച്ച തുക യഥാസമയം ചെലവഴിച്ചിട്ടില്ലെങ്കിൽ അത് മറ്റ് സംസ്ഥാനങ്ങൾക്ക് മാറ്റികൊടുക്കുന്നതാണെന്ന് കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള മാർഗ്ഗരേഖകളിൽ ഉണ്ട്.

## കുടിവെള്ളത്തിനും കാർഷികാവശ്യത്തിനുമുള്ള വെള്ളത്തിനും ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന സെസ്സിന്റെ മാനദണ്ഡം

875. ശ്രീ. സി. മമ്മുട്ടി
ശ്രീ ഇ.ടി. മുഹമ്മദ് ബഷീർ
ശ്രീ സി.ടി. അഹമ്മദ് അലി
ശ്രീ വി.കെ. ഇബ്രാഹിം കുഞ്ഞ്
ശ്രീപി.കെ. കെ ബാവ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഗവൺമെന്റ് പുതുതായി നടപ്പിലാക്കാൻ പോകുന്ന ജലസേചന സംരക്ഷണ നിയമപ്രകാരം കുടിവെള്ളത്തിനും കാർഷികാവശ്യത്തിനുമുള്ള വെള്ളത്തിനും സെസ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(സി) സെസ് പിരിക്കുന്നതിന് ഏതെല്ലാം ഏജൻസികളെയാണ് നിശ്ചയിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) എക്കാരണത്താൽ കാർഷിക മേഖലയ്ക്ക് ഉണ്ടായേക്കാവുന്ന ബുദ്ധിമുട്ടുകൾക്ക് എന്തെങ്കിലും പ്രതിവിധി നടപ്പിൽ വരുത്തുമോ?

**ഉത്തരം**
**ശ്രീ. ടി.എം. ജേക്കബ് (ജലവിഭവ വകുപ്പുമന്ത്രി)**

(എ) ഉണ്ട്.

(ബി) സർക്കാർ നോട്ടിഫിക്കേഷൻ പ്രകാരം പൂർണ്ണമായോ ഭാഗികമായോ കമ്മീഷൻ ചെയ്ത പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് തഹസീൽദാർ നൽകുന്ന സർട്ടിഫിക്കറ്റ് (വസ്തുവിന്റെ വിസ്തീർണ്ണവും വിളയും പ്രതിപാദിക്കുന്നത്) അടിസ്താനമാക്കിയാണ് സെസ് പിരിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സർക്കാർ മുൻ അനുമതിയോടുകൂടി, അവർ നടപ്പിലാക്കിയ പദ്ധതികളിൽ നിന്നും സെസ് പിരിക്കാനനുവദിക്കും

(ഡി) കൃഷി ആവശ്യത്തിന് വെള്ളം ലഭിക്കുന്നത് പ്രയോജനപ്രദമാകയാൽ കാർഷിക മേഖലയ്ക്ക് ബുദ്ധിമുട്ട് ഉണ്ടാവുമെന്ന് കരുതുന്നില്ല.

## കടൽ വെള്ളം ശുദ്ധീകരിച്ച് കുടിവെള്ളമാക്കി വിതരണം നടത്തുന്ന പദ്ധതി

876. ശ്രീ. തമ്പാനൂർ രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കടൽവെള്ളം ശുദ്ധികരിച്ച് കുടിവെള്ളമാക്കി വിതരണം നടത്തരുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ഏതെങ്കിലും പദ്ധതികൾ കേന്ദ്ര ഗവൺമെന്റിന്റെയോ ലോകബാങ്കിന്റെയോ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടൊ;

(സി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. ടി.എം. ജേക്കബ് (ജലവിഭവ വകുപ്പുമന്ത്രി)**

(എ) കടൽവെള്ളം ശുദ്ധീകരിച്ച് കുടിവെള്ളമാക്കി വിതരണം ചെയ്യുന്നതിനുള്ള ഒരു പൈലറ്റ് പ്രോജക്ട് പരീക്ഷണാർത്ഥം എറണാകുളം ജില്ലയിൽ വൈപ്പിൻ ദ്വീപിൽ നടപ്പാക്കുന്നതിനുള്ള ഒരു നിർദ്ദേശം പരിഗണനയിലുണ്ട്.

(ബി) യും (സി) യും :- രാജീവ് ഗാന്ധി നാഷണൽ ഡ്രിങ്കിംഗ് വാട്ടർ മിഷൻ മുൻപാകെ പൂർണ്ണ സാമ്പത്തിക സഹായത്തിനായി മേൽപ്പറഞ്ഞ പദ്ധതി സമർപ്പിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. അതിനായി പദ്ധതിയുടെ ആവർത്തന ചെലവുകൾ വഹിച്ചുകൊള്ളാമെന്ന് സമ്മതിച്ചുകൊണ്ടുള്ള ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ തീരുമാനം ലഭ്യമാക്കേണ്ടതുണ്ട്. ഇന്ക്കാര്യത്തിൽ അനന്തര നടപടി സ്വീകരിച്ചുവരുന്നു.

<u>മത്സ്യ കയറ്റുമതിക്കാതരുടെ ക്ഷേമനിധി വിഹിതം സംബന്ധിച്ചുായ സുപ്രീംകോടതി വിധി</u>

877.ശ്രീ. സാജുപോൾ
ശ്രീ ടി.കെ. ബാലൻ
ശ്രീ കെ. രാധാകൃഷ്ണൻ
ശ്രീ വി.കെ.സി മമ്മത്കോയ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ)മത്സ്യ കയറ്റുമതിക്കാരുടെ ക്ഷേമനിധി ബോർഡിലേക്ക് മത്സ്യകയറ്റുമതിക്കാർ ഇപ്പോൾ വിഹിതം അടയ്ക്കുന്നുണ്ടൊ;

(ബി) മത്സ്യ കയറ്റുമതിക്കാതരുടെ ക്ഷേമനിധി വിഹിതം സംബന്ധിച്ചുണ്ടായ സുപ്രീംകോടതി വിധിയെക്കുറിച്ച് സർക്കാർ പരിശോധിക്കുകയുണ്ടായോ;

(സി) വിധി ക്ഷേമനിധി ബോർഡിന് എതിരാവാൻ ഇടയായ സാഹചര്യം എന്തായിരുന്നു;

(ഡി)കേസ് നടത്തുന്നതിൽ ആരുടെയെല്ലാം ഭാഗത്തുനിന്നാണ് വീഴ്ച ഉണ്ടായത്;

(ഇ) സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ കയറ്റുമതിക്കാരുടെ ക്ഷേമനിധി വിഹിതം ഉറപ്പുവരുത്തുന്നതിന് സർക്കാർ വല്ല നടപടിയും സ്വികരിച്ചിട്ടുണ്ടൊ; എങ്കിൽ അതു സംബന്ധിച്ച് വിശദമാക്കുമോ;

(എഫ്) ഈ പ്രശ്നത്തിൽ മത്സ്യത്തൊഴിലാളികളുടെയും കുടുംബങ്ങളുടെയും താല്പ്പര്യത്തിനാണോ കയറ്റുമതിക്കാരുടെ താല്പ്പര്യത്തിനാണോ സർക്കാർ മുൻതൂക്കം നൽകുന്നതെന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**

**പ്രൊഫ. കെ.വി. തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) ഇല്ല.

(ബി) പരിശോധിക്കുകയുണ്ടായി

(സി) മത്സ്യത്തൊഴിലാളി ക്ഷേമനിധി നിയമത്തിലെ സെക്ഷൻ 4 (2) പ്രകാരം അംശാദായം ഈടാക്കാൻ കൃത്യമായ ഒരു തൊഴിലാളി- തൊഴിലുടമ ബന്ധം വേണമെന്നും മത്സ്യത്തൊഴിലാളികളും, കയറ്റുമതിക്കാരുമായി അങ്ങിനെ നേരിട്ടൊരു തൊഴിലാളി-തൊഴിലുടമ ബന്ധം ഇല്ല എന്ന കാരണത്താൽ മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലെ സെക്ഷൻ 4 (2) നിയമാനുസൃതമല്ല എന്ന കാരണത്താലാണ് സുപ്രീംകോടതി ഉത്തരവുണ്ടായത്.

(ഡി) കേസു നടത്തിപ്പിൽ വീഴ്ച ഉണ്ടായിട്ടില്ല.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്. മത്സ്യ വ്യാപാരികളിൽ നിന്നും മത്സ്യകയറ്റുമതിക്കാരിൽ നിന്നും ക്ഷേമനിധി വിഹിതം ഉറപ്പാക്കുന്നതിന് ഒരു പുതിയ സെസ് ആക്ടിന് രൂപം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(എഫ്) മത്സ്യത്തൊഴിലാളികളുടെയും കുടുംബണങ്ങളുടെയും താല്പര്യത്തിന് തന്നെയാണ് മുൻതൂക്കം നൽകുന്നത്.

<u>ജലസേചന പദ്ധതികൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക വകമാറ്റി ചെലവഴിച്ച നടപടി</u>

878. ശ്രീ. മത്തായി ചാക്കോ
ശ്രീ.പി. ജയരാജൻ
ശ്രീ വി.കെ. ചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന ജലസേചന പദ്ധതികളുടെ പുരോഗതി കാലാകാലങ്ങളിൽ വിലയിരുത്താറുണ്ടോ;

(ബി) പുരോഗതി വിലയിരുത്താനുള്ള പദ്ധതിതല സമിതി നടപ്പുവർഷം എത്ര തവണ ചേരുകയുണ്ടായി;

(സി) പ്രോജക്ട്തല സമിതിയുടെ ഏറ്റവും ഒടുവിലത്തെ അവലോകന റിപ്പോർട്ട് മേശപ്പുറത്തുവയ്ക്കുമോ;

(ഡി) മുൻവർഷം ജലസേചന പദ്ധതികൾക്ക് ബഡ്ജറ്റില വകയിരുത്തിയ തുകയിൽ ഏതെങ്കിലും വകമാറ്റി ചെലവഴിക്കുകയുണ്ടൊയോ; എങ്കിൽ ഏതെല്ലാം പദ്ധതികളുടെ എത്രമാത്രം തുക മറ്റ് ഏതെല്ലാം പദ്ധതികൾക്കായി വകമാറ്റി ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഇ) തന്നാണ്ടിലെ ബഡ്ജറ്റിൽ ജലസേചന പദ്ധതികൾക്ക് വകയിരുത്തിയ തുകയിൽ ഇതിനകം എത്ര ശതമാനം ചെലവഴിക്കുകയുണ്ടായെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. ടി.എം. ജേക്കബ് (ജലവിഭവ വകുപ്പുമന്ത്രി)**

(എ) ഉണ്ട്

(ബി) നിർമ്മാണത്തിലിരിക്കുന്ന ജലസേചന പദ്ധതികളുടെ പുരോഗതി വിലയിരുത്താൻ പദ്ധതി തല സമിതികൾ രൂപീകരിച്ചിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇല്ല.

(ഇ) പ്രോജക്ട് -1 ചീഫ് എൻജീനീയറുടെ പദ്ധതികൾക്ക് വകയിരുത്തിയ തുകയുടെ 9.45% ചിലവായിട്ടു്ണ്ട. പ്രോജക്ട് -2 ചീഫ് എൻജിനീയറുടെ കീഴിലുള്ള പദ്ധതികൾക്ക് അനുവദിച്ച തുകയുടെ 10%ത്തോളം ചിലവായിട്ടുണ്ട്. കല്ലിട ജലസേചന പദ്ധതിയ്ക്ക് ബഡ്ജറ്റിൽ പ്രത്യേകമായി തുക വകയിരുത്തിയിട്ടില്ല. വെന്റിംഗ് അപ് പ്രോജക്ട് എന്ന ശീർഷകത്തിൽ ഈ പദ്ധതി ഉൾപ്പെടെ 3 പദ്ധതികൾക്കുവേണ്ടി 14 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം നാളിതുവരെ 1.89 കോടി രൂപ ചെലവായിട്ടുണ്ട്.

**<u>ഭവാനി നദീജലം ഉപയോഗിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനെതിരെ നടപടി</u>**

863. ശ്രീ. എ.സുജനപാൽ :
ശ്രീ.കെ. അച്ചുതൻ :
ശ്രീ.ലൂഡി ലൂയീസ് :
ശ്രീ. വി.ബലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവാനി നദീജല കരാർ അനുസരിച്ച് ഭവാനി നദീജലം ഉപയോഗിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുന്നത് അനുവദനീയമാണോ ;

(ബി) പ്രസ്തുത കരാറിൽ ഭവാനി നദിയിലെ വെള്ളമുപയോഗിച്ച് വൈദ്യുത പദ്ധതികൽ നിർമ്മിക്കുന്ന കാര്യം പറഞ്ഞിട്ടുണ്ടോ ;

(സി) ഭവാനി നദിയിലെ വെള്ളമുപയോഗിച്ച് കുന്ദജല വൈദ്യുതി പദ്ധതി പ്രവർത്തിപ്പിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ ;

(ഡി) അവിടെ നിന്നും എത്ര വൈദ്യുതി ഉൽപാദിപ്പിക്കുന്നുണ്ടെന്നും ഇതിനെതിരെ എന്ത് നടപടിയെടുത്തെന്നും വെളിപ്പെടുത്തുമോ ?

**<u>ഉത്തരം</u>**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി ) :**

(എ) ഭവാനി നദീജല കരാർ എന്നൊരു കരാറില്ല. എന്നാൽ ഭവാനിപ്പുഴയുടെ പോഷകനദിയായ ശിരുവാണിപ്പുഴയിൽ നിന്നും തമിഴ്നാട്ടിലെ കോയംപത്തൂരിലും കേരളത്തിലെ അട്ടപ്പാടിയിലും ജലം നൽകുന്നതിനായി ശിരുവാണി കുടിവെള്ള പദ്ധതി കരാർ നിലവിലുണ്ട്. പ്രസ്തുത കരാർ അനുസരിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുന്നത് അനുവദനീയമല്ല.

(ബി) ഇല്ല.

(സി) ഭവാനിപ്പുഴയിലെ ജലം ഉപയോഗിച്ച് കുന്ദജല വൈദ്യുതി പദ്ധതി പ്രവർത്തിപ്പിക്കുന്നുണ്ട്.

(ഡി) ഉൽപാദിപ്പിക്കുന്ന വൈദ്യുതിയുടെ കണക്കുകൾ ലഭ്യമല്ല. കാവേരി നദീജല തർക്ക ട്രൈബ്യൂണൽ മുൻപാകെ കേരളം സമർപ്പിച്ചിട്ടുള്ള സത്യവാങ്മൂലത്തിൽ തമിഴ്നാട് ഭവാനിപ്പുഴയിൽ നിർമ്മിച്ചിട്ടുള്ള പദ്ധതികളെക്കുറിച്ചും തൻമൂലം അട്ടപ്പാടിയിലുള്ള ജലദൗർബല്യത്തെക്കുറിച്ചും പരാമർശിച്ചിട്ടുണ്ട്.

## ചെറുകിട കച്ചവടക്കാരിൽ നിന്നും ഈടാക്കിയ പിഴ

864 ശ്രീ. സി. മമ്മുട്ടി :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ.സി.മോയിൻകുട്ടി :
ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ചെറുകിട കച്ചവടക്കാർ ലൈസൻസ് പുതുക്കുന്നതിൽ വരുത്തിയ കാലതാമസത്തിന് നഗരസഭകൾ ഈടാക്കിയ പിഴ 2003 ഫെബ്രുവരി മുതൽ നിർത്തലാക്കിക്കൊണ്ട് ഉത്തരവ് ആയിട്ടുണ്ടോ ;

(ബി) എങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ഉത്തരവ് അനുസരിച്ച് പിഴയായി ഈടാക്കിയ അധികത്തുക തിരിച്ചു നൽകാൻ തുടങ്ങിയോ എന്ന് വ്യക്തമാക്കുമോ ;

(ഡി) പല കോർപ്പറേഷനുകളിലും പ്രസ്തുത ഉത്തരവ് നടപ്പിൽവരുത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എ) എങ്കിൽ ഉത്തരവ് പ്രാബല്യത്തിൽ വരുത്തുന്നതിനും പിഴയായി ഈടാക്കിയ തുക തിരിച്ചു നൽകാനും ഇതിന് ബന്ധപ്പെട്ടവർക്ക് അടിയന്തിര നിർദ്ദേശം നൽകുമോ ?

**ഉത്തരം**

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ) :**

(എ) വ്യാപാര ആവശ്യത്തിനുള്ള ലൈസൻസ് പുതുക്കാത്തവർ നൽകേണ്ട പിഴ തൽക്കാലം ഈടാക്കേണ്ടതില്ല എന്ന് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) ഇത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

## ലോകായുക്തയുടെ പ്രവർത്തനങ്ങൾ ഫലപ്രദമാക്കാൻ നടപടി

865. ശ്രീ. എം.വി.ഗോവിന്ദൻ മാസ്ററർ :
ശ്രീ.പി.സി.ജോർജ്ജ് :
ശ്രീമതി. ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതു പ്രവർത്തകരുടെ അഴിമതിയും മറ്റും അന്വേഷിക്കുന്നതിന് ലോകായുക്തയുടെ പ്രവർത്തനങ്ങൾ ഫലപ്രദമാണെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ബി) നിലവിലുള്ള നിയമത്തിൽ എന്തെങ്കിലും ഭേദഗതി വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ഇതിനകം ലോകായുക്ത എത്ര വാർഷിക റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട് ;

(ഡി) പ്രസ്തുത റിപ്പോർട്ടുകളിൽ കമ്മീഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് എന്തെല്ലാം നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു ; അതിൻമേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) കമ്മീഷൻ ഇതിനകം സമർപ്പിച്ച റിപ്പോർട്ടുകളുടെ കോപ്പി ലഭ്യമാക്കുമോ ?

**ഉത്തരം**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി ) :**

(എ) കേരള ലോകായുക്തയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ ഫലപ്രദമായ രീതിയിലാണ്.

(ബി) ലോകായുക്തയുടെ നിലവിലുള്ള അധികാരം അപര്യാപ്തമായതിനാൽ കൂടുതൽ അധികാരങ്ങൾ നൽകുന്നതിലേക്കായി നിലവിലുള്ള നിയമങ്ങളിൽ വേണ്ട ഭേദഗതി വരുത്തുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്. ലോകായുക്ത ആക്ട് 9-ാം വകുപ്പും 22-ാം വകുപ്പും ഭേദഗതി വരുത്തുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്. നിലവിലുള്ള നിയമപ്രകാരം ലോകായുക്തക്ക് ശുപാർശ ചെയ്യാനുള്ള അധികാരം മാത്രമേയുള്ളു. 9-ാം വകുപ്പിൽ

ഭേദഗതി വരുത്തി ഉത്തരവിറക്കാനുള്ള അധികാരം ലോകായുക്തയിൽ നിക്ഷിപ്തമാക്കാനാണ് ശുപാർശ.

(സി) ലോകായുക്തയുടെ 4 വാർഷിക റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. (1999,2000,2001,2002) .

(ഡി) 1. ലോകായുക്തയുടെ സ്പെഷ്യൽ റൂളിന്റെ കരട് അംഗീകാരത്തിനായി 2000 ജനുവരിയിൽ സമർപ്പിച്ചിട്ടുണ്ട്.

2. ലോകായുക്തയുടെ സുഗമമായ പ്രവർത്തനത്തിന് പൂർണ്ണമായ കംപ്യൂട്ടർവൽക്കരണം നടത്തണമെന്ന് സർക്കാരിൽ സമർപ്പിച്ച വാർഷികറിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുണ്ട്.

3. ലോകായുക്തയിൽ നിലവിലുള്ള പഴയ 4 വാഹനങ്ങൾക്കു പകരം പുതിയ രണ്ടു വാഹനങ്ങൾ വാങ്ങുവാനും ശുപാർശ ചെയ്തിട്ടുണ്ട്. മേൽപറഞ്ഞ എല്ലാ ശുപാർശകളും സർക്കാർ പരിശോധിച്ച് വരികയാണ്.

(ഇ) ലോകായുക്ത ആക്ടിലെ 12 (ഢകക) വകുപ്പ് പ്രകാരം റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കേണ്ടതാണ്. 1999 മുതൽ 2001 വരെയുള്ള റിപ്പോർട്ടുകൾ പ്രസ്തുത വകുപ്പു പ്രകാരം നിയമസഭാ സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്.

**കേന്ദ്ര സർക്കാരുമായി മുഖ്യമന്ത്രി നടത്തിയ ഔദ്യോഗിക ചർച്ചകൾ**

866. ശ്രീ. പി.ജയരാജൻ :
ശ്രീ.കെ.രാധാകൃഷ്ണൻ :
ശ്രീ.ടി.കെ.ദേവകുമാർ :
ശ്രീ.ടി.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ കേന്ദ്ര സർക്കാരുമായി മുഖ്യമന്ത്രി എത്ര ഔദ്യോഗിക ചർച്ചകൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) സംസ്ഥാനത്തെ ബാധിക്കുന്ന ഏതെല്ലാം പ്രശ്നങ്ങളാണ് പ്രസ്തുത ചർച്ചകളിൽ ഉന്നയിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) കേന്ദ്ര സർക്കാരുമായുള്ള ചർച്ചകലെ തുടർന്ന് സംസ്ഥാനത്തിന് പ്രത്യേകമായി അനുവദിച്ചിട്ടുള്ള സഹായമെത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഏതൊക്കെ പദ്ധതികൾക്കാണിതെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. എ.കെ. ആന്റണി (മുഖ്യ മന്ത്രി ) :**

(എ) നിവേദനങ്ങൾ നൽകിക്കൊണ്ട് പലതവണ മുഖ്യ മന്ത്രി പ്രധാന മന്ത്രിയുമായും മറ്റ് കേന്ദ്ര മന്ത്രിമാരുമായും ഔദ്യോഗിക ചർച്ചകൾ നടത്തിയിട്ടുണ്ട്. കൂടാതെ മുഖ്യ മന്ത്രി ഡൽഹി സന്ദർശിച്ച വേളകളിലെല്ലാം തന്നെ സംസ്ഥാനത്തിന്റെ വിവിധ പ്രശ്നങ്ങൾ കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ബാധിക്കുന്ന അടിയന്തിര പ്രാധാന്യമുള്ള നിരവധി പ്രശ്നങ്ങൾ പ്രധാനമന്ത്രിയുടേയും മറ്റ് കേന്ദ്ര മന്ത്രിമാരുടേയും ശ്രദ്ധയിൽ കൊണ്ടുവരികയും ചർച്ചചെയ്യുകയും ചെയ്തിട്ടുണ്ട്. കാലവർഷക്കെടുതി മൂലം ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്കും പട്ടികവർഗ്ഗക്കാർക്കും തോട്ടം തൊഴിലാളികൾക്കും വിതരണം ചെയ്യുന്നതിനായി 25000 ടൺ അരി അനുവദിക്കുക, കാലവർഷക്കെടുതിമൂലം ഉണ്ടായ നഷ്ടം നികത്തുന്നതിന് 25 കോടി രൂപ അനുവദിക്കുക, തേയില കൃഷിക്ക് റിസർവ് ബാങ്ക് വർക്കിങ് ഗ്രൂപ്പ് ശുപാർശ ചെയ്ത ആശ്വാസ നടപടികൾ നടപ്പിലാക്കുക, തേയിലയുടേയും കാപ്പിയുടേയും എക്സൈസ് തീരുവ എടുത്തുകളയുക, പുനർകയറ്റുമതിക്കായുള്ള തോട്ടവിള ഇറക്കുമതികൾ താൽക്കാലികമായി നിർത്തിവെയ്ക്കുക, തേയില വില്പന കാര്യത്തിൽ ഫർഗുസൺ ശുപാർശകൾ നടപ്പിലാക്കുക, തേയില കൃഷിക്കുള്ള വായ്പാ പരിധി ഉയർത്തുകയും പലിശനിരക്ക് കുറയ്ക്കുകയും ചെയ്യുക, സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി നിയന്ത്രണം തുടരുക, ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനായി നിക്ഷിപ്ത വനഭൂമി ലഭ്യമാക്കുക, റേഷനിംഗ് സമ്പ്രദായം നിലനിർത്തുക, എറണാകുളം-കോട്ടയം-കായംകുളം റെയിൽപ്പാതയും, എറണാകുളം-ആലപ്പുഴ-കായംകുളം റെയിൽപ്പാതയും, വികസിപ്പിക്കുന്നതിന് പ്രത്യേക പരിഗണന നൽകുക, റെയിൽവേ വൈദ്യുതീകരണം ത്വരിതപ്പെടുത്തുക, മംഗലാപുരം- ഷൊർണ്ണൂർ റെയിൽപ്പാത വൈദ്യുതീകരിക്കുക വല്ലാർപ്പാടം അന്തർദേശീയ കണ്ടെയ്നർ ടെർമിനൽ പ്രോജക്ടിന്റെ പണി 2003 സെപ്റ്റംബറിൽതന്നെ ആരംഭിക്കുക, എൽ.എൻ.ജി. പെട്രോനെറ്റ് പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുക, കോഴിക്കോട് വിമാനത്താവളം അന്തർദേശീയ വിമാനത്താവളമായി ഉയർത്തുക, കണ്ണൂർ വിമാനത്താവളത്തിന്റെ കാര്യത്തിൽ പ്രത്യേക പരിഗണന നൽകുക, നാളികേര ടെക്നോളജി

മിഷന് കൂടുതൽ ഫണ്ട് ലഭ്യമാക്കുക, ശാസ്ത്രീയമായി പഠനം നടത്തി നാളികേരത്തിന്റെ തറവില വർദ്ധിപ്പിക്കുക, വർദ്ധിപ്പിച്ച തറവില കൃഷിക്കാർക്ക് ലഭ്യമാക്കുക, പംപ ആക്ഷൻപ്ലാൻ, നാഷണൽ ബാംബൂ മിഷൻ എന്നിവ നടപ്പാക്കാൻ നടപടി സ്വീകരിക്കുക, കടലാക്രമണ പ്രതിരോധ പ്രവർത്തനത്തിനായി സാമ്പത്തിക സഹായം ലഭ്യമാക്കുക, കയറിന് മിനിമം എക്സ്പോർട്ട് പ്രൈസ് നിശ്ചയിക്കുക, പ്രധാനമന്ത്രിയുടെ ഗ്രാമ സഡക്ക് യോജനയിൽനിന്നും കൂടുതൽ തുക ലഭ്യമാക്കുക, സംസ്ഥാനത്ത് ഒരു ഐ.ഐ.റ്റി സ്ഥാപിക്കുക, നെടുമ്പാശ്ശേരി അന്തരാഷ്ട്ര വിമാനത്താവളത്തിൽ യൂറോപ്പ്, അമേരിക്ക എന്നീ രാജ്യഹ്ങളിൽ നിന്നുളള വിമാന കംപനികൾക്ക് സർവീസ് നടത്തുവാൻ അനുമതി നൽകുക, മണ്ണെണ്ണയുടെ ക്വാട്ട കുറയ്ക്കുന്നത് തടയുക, അഗ്രി എക്സ്പോർട്ട് പ്രോസസിംഗ് സോൺ ആരംഭിക്കുന്നതിന് അനുമതി നൽകുക, ഇഫ്കോയുടെ സഹായത്തോടെ സഹകരണമേഖലയിൽ എഫ്.എ.സി.റ്റി. ഏറ്റെടുത്ത് നടത്തുക, കേരളത്തിന് മാത്രമായി ഒരു റെയിൽവേ സോൺ അനുവദിക്കുക, ദേശീയ ജലപാത പദ്ധതി വേഗം നടപ്പിലാക്കുക എന്നീ പ്രശ്നങ്ങളാണ് ചർച്ചയിൽ പ്രധാനമായും ഉന്നയിക്കപ്പെട്ടത്. മിക്ക ആവശ്യങ്ങളോടും അനുഭാവപൂർണ്ണമായ സമീപനമാണ് കേന്ദ്രം സ്വീകരിച്ചുവരുന്നത്.

(സി) & (ഡി) ചില ആവശ്യങ്ങളും പദ്ധതികളും ഇതിനകം അനുവദിക്കുകയും മററ് ചിലത് സമയബന്ധിതമായി തീർക്കാമെന്നുളള ഉറപ്പ് സംസ്ഥാനത്തിന് ലഭിക്കുകയും ചെയ്തിട്ടുണ്ട്. കാലവർഷക്കെടുതി മൂലം ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്കും പട്ടികവർഗ്ഗക്കാർക്കും തോട്ടം തൊഴിലാളികൾക്കും 2 ആഴ്ചക്കാലം സൗജന്യ റേഷൻ നൽകുന്നതിന് 25,000 ടൺ അരിയും വരൽച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് എസ്.ജി.ആർ.വൈ. (സ്പെഷ്യൽ കംപോണന്റ്) പ്രകാരം ഫുഡ് കോർപ്പറേഷൻ ഫോർ വർക്ക് സ്കീമിൽ ഉൽപ്പെടുത്തി 42000 മെട്രിക് ടൺ അരിയും അനുവദിച്ചു. വല്ലാർപ്പാടം അന്തർദേശീയ കണ്ടെയ്നർ ടെർമിനൽ പ്രോജക്ടിന്റെ പമി 2003 ൽ തന്നെ ആരംഭിക്കുമെന്നുളള ഉറപ്പ് ലഭിച്ചിട്ടുണ്ട്. കോട്ടയം വഴിയുളള എറണാകുളം- കായംകുളം റെയിൽപ്പാത ഇരട്ടിപ്പിക്കുന്നതിന് 8 കോടി രൂപയും കോഴിക്കോട്-മംഗലാപുരം പാതക്ക് 25 കോടി രൂപയും ഷൊർണ്ണൂർ -കോഴിക്കോടിന് 30 കോടി രൂപയും നടപ്പു വർഷത്തെ റെയിൽവേ ബഡ്ജറ്റിൽ ഉൽപ്പെടുത്തിയിട്ടുണ്ട്. പഴം പച്ചക്കറി എക്സ്പോർട്ട് സോണിന് കേന്ദ്രസർക്കാരിന്റെ അനുമതിയും ഇതിനകം ലഭിച്ചിട്ടുണ്ട്.

**ഗവണ്മെന്റ് മെഡിക്കൽകോളേജ് ആശുപത്രികളിലെ ന്യൂക്ലിയർ മെഡിസിൻ ഡിപ്പാർട്ടമെന്റിൽ നടത്തുന്ന പാരാ മെഡിക്കൽ ടെസ്റ്റുകൾ**

867. ശ്രീ. ടിയു.രാധാകൃഷ്ണൻ :
ശ്രീ.കെ.മോഹൻകുമാർ :
ശ്രീ. എ.കെ.മണി :
ശ്രീ. എ.പി.അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ)) ഗവണ്മെന്റ് മെഡിക്കൽകോളേജ് ആശുപത്രികളിലെ ന്യൂക്ലിയർ മെഡിസിൻ ഡിപ്പാർട്ട്മെന്റിൽ നടത്തുന്ന വിവിധ പാരാമെഡിക്കൽ ടെസ്റ്റുകൾക്ക് ഈടാക്കുന്ന തുക ഗവണ്മെന്റ് അക്കൗണ്ടിൽ നിക്ഷേപിക്കുകയോ സ്ഥാപനത്തിന്റേയോ രോഗികളുടേയോ നന്മയ്ക്ക് വേണ്ടി ചെലവഴിക്കുകയോ ചെയ്യാറുണ്ടോ ;

(ബി) ഈ വകുപ്പ് സ്ഥാപിച്ച ശേഷം പാരാമെഡിക്കൽ ടെസ്റ്റിന്റെ ഫീസിനത്തിൽ ഇന്നേവരെ എന്തു തുക ലഭിച്ചിട്ടുണ്ട്;

(സി) പ്രസ്തുത തുക എപ്രകാരമാണ് ചെലവഴിച്ചിട്ടുളളത് ;

(ഡി) ഈ വകുപ്പിന് കേന്ദ്ര ഗവണ്മെന്റിൽ നിന്ന് എന്തു തുക ധനസഹായമായി ലഭിച്ചിട്ടുണ്ട് ; പ്രസ്തുത തുക എന്തെല്ലാം കാര്യങ്ങൾക്കുവേണ്ടി ചെലവഴിച്ചു ;

(ഇ) ഈ ഡിപ്പാർട്ടമെന്റിന്റെ വരവു ചെലവു കണക്കുകൾ ഓഡിറ്റിനു വിധേയമാക്കിയിട്ടുണ്ടോ ;

(എഫ്) ഈ ഡിപ്പാർട്ടമെന്റിന്റെ വരവു ചെലവു കണക്കുകൾ അക്കൗണ്ടന്റു ജനറലിനെക്കൊണ്ട് ഓഡിറ്റു ചെയ്യിക്കാൻ വേണ്ട നടപടി കൈക്കൊളളുമോ ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ ( ആരോഗ്യ വകുപ്പുമന്ത്രി )** :

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽനിന്ന് 23,56,600/- രൂപയും കോഴിക്കോട് മെഡിക്കൽ കോളേജിൽനിന്ന് 4 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

(സി) തിരുവനന്തപുരത്ത് ന്യൂക്ലിയർ മെഡിസിൻ വകുപ്പിനുവേണ്ടി ഐസോടോപ്പ് വാങ്ങുന്നതിനായും നിർദ്ധനർക്കുള്ള പരിശോധനാച്ചെലവിനു വേണ്ടിയും കോഴിക്കോട് ഗാമാ ക്യാമറയുടെ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനുമാണ് തുക ചെലവഴിച്ചിട്ടുള്ളത്.

(ഡി) തിരുവനന്തപുരം മെഡിക്കൽ കോളേജിന് ഈയിനത്തിൽ കേന്ദ്രസഹായം ലഭിച്ചിട്ടില്ല. എന്നാൽ കോഴിക്കോട് മെഡിക്കൽ കോളേജിന് കേന്ദ്ര അണുശക്തി വകുപ്പിന്റെ ബ്രിറ്റ് എന്ന സ്ഥാപനത്തിൽനിന്നും 37 ലക്ഷം രൂപ ഗ്രാന്റായി ലഭിച്ചിട്ടുണ്ട്. ഇതുപയോഗിച്ച് ഒരു ഗാമാക്യാമറയും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് വിഭാഗം ഇപ്പോൾത്തന്നെ ഈ വകുപ്പിന്റെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റ് ചെയ്യുന്നുണ്ട്.